# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂർക്കനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.27/3089/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂർക്കനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.27/3089/22 തീയ്യതി: 03/02/2023

## മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2021 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രശ്മി ശശികുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി ഡി പരമേശ്വരൻ | സെക്രട്ടറി | 01-04-2021 | 07-07-2021 |
| ശ്രീ. ബി പ്രശാന്ത് | സെക്രട്ടറി | 07-07-2021 | 31-03-2022 |
| ശ്രീമതി. ഗീത പി പി | അസി. സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ. രാമകൃഷ്ണൻ കെ | അസി. സെക്രട്ടറി | 10-07-2021 | 31-03-2022 |
| ഡോ. ഹസ്സൈനാർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡെൻസി പി സൈമൺ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 08-11-2021 |
| ഡോ. റൂബി വിദ്യാധരൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. അസ്മാബി പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 09-11-2021 | 31-03-2022 |
| ശ്രീമതി. മാർജ സമീർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിസ്ന വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. ഷമീറ മോൾ ടി പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി.സമിത വി | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഉഷാദേവി കെ | വി ഇ ഒ | 01-04-2021 | 21-08-2021 |
| ശ്രീമതി. സജിത ഒ | വി ഇ ഒ | 22-08-2021 | 21-10-2021 |
| ശ്രീ. ഫാജിഷ് വഹാബ് എ | വി ഇ ഒ | 22-10-2021 | 31-12-2021 |
| ശ്രീമതി. ഫാത്തിമത്ത് സുഹറ | വി ഇ ഒ | 01-01-2022 | 06-01-2022 |
| ശ്രീ.അഭിലാഷ് വി | വി ഇ ഒ | 07-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | വിവിധ ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | ലൈസൻസ് അപേക്ഷകൾ പൂർണമല്ല | 1-12 |
| 14 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചു. | 1-13 |
| 15 | ലൈബ്രറി സെസ് അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു. | 1-14 |
| 16 | സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയ തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല. | 1-15 |
| 17 | കറവപശു വളർത്തൽ പദ്ധതി -അപാകതകൾ | 1-16 |
| 18 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അപാകതകൾ | 1-17 |
| 19 | പോഷകാഹാര വിതരണം - അപാകതകൾ | 1-18 |
| 20 | സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-19 |
| 21 | ഷീറ്റ് റൂഫിങ് പ്രവൃത്തി - അധിക തുക നൽകി | 1-20 |
| 22 | വി ഇ.ഒ : രജിസ്റ്ററുകൾ/രേഖകൾ സൂക്ഷിയ്ക്കുന്നതിലെ അപാകതകൾ | 1-21 |
| 23 | പി.എം. എ വൈ അധിക ധനസഹായം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-22 |
| 24 | സ്പിൽ ഓവർ പ്രൊജക്കുകൾ നടപ്പിലാക്കിയിട്ടില്ല | 1-23 |
| 25 | മുഴുവൻ മരുന്നും ലഭ്യമായില്ല | 1-24 |
| 26 | ഭവനനിർമാണത്തിനായി തുകകൾ കൈപറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമാണം ആരംഭിയ്ക്കുകയോ പൂർത്തീകരിയ്ക്കുകയോ ചെയ്തില്ല. | 1-25 |
| 27 | ചെലവഴിക്കാത്ത പദ്ധതിപ്പണം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ് | 1-26 |

| | | |
|---|---|---|
| 28 | അഗതി രഹിത കേരളം പദ്ധതിക്ക് രണ്ട് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു. | 1-27 |
| 29 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു. | 1-28 |
| 30 | ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു. | 1-29 |
| 31 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-30 |
| 32 | എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- അർഹമായതിലും കൂടുതൽ തുക നൽകി | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഷീറ്റ് റൂഫിങ് പ്രവൃത്തി - അധിക തുക നൽകി | 3-1 |
| 2 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) / 19.02.2021 | 2(1) /22.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 20.08.2022 | --- | ----- |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്-9(1) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം ആ സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് സമയ പരിധി പാലിച്ചിട്ടില്ല. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ സമയനിഷ്ഠ പാലിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19671183 |
| വരവ് | 105591043 |
| ആകെ | 125262226 |
| ചെലവ് | 94022114 |
| നീക്കിയിരിപ്പ് | 31240112 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17474072 | 17474072 | 15100452 | 2373620 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6909520 | 6909520 | 6260148 | 649372 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Tied) | 0 | 7388200 | 7388200 | 952143 | 6436057 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied) | 0 | 3970909 | 3970909 | 3819963 | 150946 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11802268 | 11802268 | 9328869 | 2473419 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6526570 | 6526570 | 4347816 | 2178754 |
| ബി ഫണ്ട് | 0 | 87452380 | 87452380 | 87452380 | 0 |

*

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 197 | 151148863 | 155 | 57615512 | 30 | 12 | 78 |

## 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)11/2018/LSGD Dt 29.01.2018, നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം - കാര്യക്ഷമമല്ല.

21-22 വർഷത്തെ പദ്ധതിയുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ഒരു യോഗം മാത്രമാണ് ചേർന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും യാതൊരു പങ്കും അവ വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾനസൃതമായി നടപ്പാക്കാവുന്ന പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക എന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല. വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ട ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും പാലിക്കുന്നില്ല. ഇക്കാരണത്താൽ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ല.

2. സ്റ്റാറ്റസ് റിപ്പോർട്ട് സമഗ്രമല്ല.

1. പഞ്ചായത്ത് അംഗീകരിച്ച 21-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല. പഞ്ചായത്തിലെ വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയോ അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 170862 | 547515 | 718377 | 429322 | 289055 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14390640 | 14390640 | 14390640 | 0 |

## 1-7 വിവിധ ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10080 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 4421600 | 2863 |
| വിധവാപെൻഷൻ | 32543000 | 20659 |
| വാർദ്ധക്യകാലപെൻഷൻ | 39402200 | 26066 |
| വികലാംഗപെൻഷൻ | 9513100 | 5987 |
| വിവാഹ ധനസഹായം | 360000 | 12 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1202400 | 771 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4090 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല. പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല.

3. തെരുവ് വിളക്കുകളുടെ പരിപാലനം നിരീക്ഷിക്കുന്നതിന് കൃത്യമായ സംവിധാനമില്ല. തെരുവ് വിളക്കുകളുടെ ലൊക്കേഷൻ, എണ്ണം, ഇനം എന്നിവ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

5. ആന്വൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

6. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലും ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം പരിഹാര നടപടികൾ കൈക്കൊള്ളുന്നതിലും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും കൂടുതൽ ഊർജ്ജിതമായ നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

അപാകതകൾ പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2022 | 11/2021 മുതൽ 1/2022 വരെ | 24.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-09-2017 | 2016-17 | 04-10-2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ , 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. സാമൂഹിക സുരക്ഷാ പെൻഷനുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സേവന സോഫ്റ്റ് വെയർ പ്രകാരം 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ ക്ഷേമ പെൻഷൻ ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4421600 |
| വാർദ്ധക്യ കാല പെൻഷൻ | 39402200 |
| വിധവാ പെൻഷൻ | 32543000 |
| വികലാംഗ പെൻഷൻ | 9513100 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1202400 |

എന്നാൽ ആയവ അക്കൗണ്ട് ചെയ്തിട്ടില്ല.

3. 20-21 വാർഷിക കണക്ക് പ്രകാരം ലൈസൻസ് - അഡ്വാൻസ് ഇനത്തിൽ 88,200/- രൂപ വരവുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 72,600/- രൂപയാണ്.

4. ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ ഫീസ് വരവ് വാർഷിക കണക്ക് പ്രകാരം യഥാക്രമം 266283/- , 191646/- രൂപയാണ് . എന്നാൽ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

5. ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് , അൺടൈഡ് ഇനങ്ങളിലെ ബാലൻസ് തുക, ഷെഡ്യൂൾ B4 പ്രകാരം 4817027/- രൂപ , എന്നാൽ ഷെഡ്യൂൾ B17 പ്രകാരം 4790176/- രൂപയുമാണ്. വ്യത്യാസം വിശദമാക്കിയിട്ടില്ല.

6. സാമ്പത്തിക വർഷത്തെ ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7. സംയുക്ത പ്രോജക്ടുകൾക്കായി നൽകിയ തുകയിൽ നീക്കിയിരുപ്പ് ഷെഡ്യൂൾ B4 പ്രകാരം 2637721/- (2553446- ജില്ലാ പഞ്ചായത്ത് + 84275- ബ്ലോക്ക് പഞ്ചായത്ത് ), എന്നാൽ ഷെഡ്യൂൾ B17 പ്രകാരം 634,809/- രൂപയുമാണ്. വ്യത്യാസം വിശദമാക്കിയിട്ടില്ല.

8. Advance To Implementing Agencies – Deposit With Ground Water Department 51960/- രൂപ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് B-18 ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടില്ല.

9. ഷെഡ്യൂൾ B7 പ്രകാരം Supplier's EMD 20,027/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 37,527/- രൂപയാണ്.

10. ഷെഡ്യൂൾ B7 പ്രകാരം Bidder's EMD 17,000/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 14,000/- രൂപയാണ്.

11. ഷെഡ്യൂൾ B7 പ്രകാരം Deposit Received For Halls And Auditorium 65,260/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 60,260/- രൂപയാണ്.

12. ഷെഡ്യൂൾ B7 പ്രകാരം Auction Deposit 1,100/- രൂപ . എന്നാൽ ഇതു സംബന്ധിച്ച വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

14. വാർഷിക കണക്കുകളിലെ തൻ വർഷ വസ്തു നികുതി ,ബാലൻസ് സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് (B-15)പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| Residential Building (Current) | 6148 | 5355 | 793 |
| Non- Residential Building (Current) | 16970 | 14087 | 2883 |

സാംഖ്യയിൽ ക്യാൻസൽ ചെയ്ത രസീതികൾ സഞ്ചയയിൽ ക്യാൻസൽ ആയിട്ടില്ലാത്തതിനാലാണ് 3,676/- രൂപയുടെ വ്യത്യാസം വന്നിട്ടുള്ളതെന്ന് മറുപടി നൽകി. ആയത് ക്രമീകരിക്കേണ്ടതാണ്.

15. സാമ്പത്തിക വർഷത്തെ സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

18. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (11/17.12.2022) ക്ക് മറുപടി ലഭ്യമായില്ല.

## 1-12 ലൈസൻസ് അപേക്ഷകൾ പൂർണമല്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ മൂലധനത്തുകയോ ദിവസേനയുള്ള വിറ്റുവരവോ കൃത്യമായി രേഖപ്പെടുത്തിക്കാണുന്നില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത്

എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 1 | എ പി ഗോൾഡ് | മുഹമ്മദ് അലി പി | 1000 |
| 2 | കെ എസ് മെഡികെയർ | സുനിൽ കിഴക്കേ വാര്യം | 500 |
| 3 | എ പി മെറ്റൽസ് | നസീർ ബാബു പാറയിൽ | 500 |
| 4 | ടി ടി ബിൽഡിംഗ് മെറ്റീരിയൽസ് | മൻസൂർ അലി ഉപ്പം താഴത്ത് | 500 |
| 5 | മലബാർ ഹാർഡ് വെയേഴ്സ് | അബ്ദു സമദ് പറപ്പള്ളത്ത് | 500 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(06/15.12.2022) ക്ക് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വലിയ മൂലധന നിക്ഷേപമുള്ളതോ, ദിവസേനയുള്ള വിറ്റുവരവ് അധികമായുള്ളതോ ആയ സ്ഥാപനങ്ങൾ പൊതുവേ കുറവാണെന്നും, മൂലധനം രേഖപ്പെടുത്തി ലൈസൻസ് അപേക്ഷകൾ കൈപ്പറ്റുവാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്.
കൃത്യമായി മൂലധനനിക്ഷേപത്തുക രേഖപ്പെടുത്തി അപേക്ഷകൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചു.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 , ചട്ടം 29.8 പ്രകാരം തുറന്ന സ്ഥലത്തിന് വാഹന പ്രവേശനമാർഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50% പാർക്കിംഗ് സ്ഥലമായി കണക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ ഹംസ കണ്ണൻതൊടി, എന്നവർ മേൽ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് പെർമ്മിറ്റ് (A4-BA(135427)/22)അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

അപേക്ഷ A4- 1338/2021 തി: 22.03.2022

റീ സർവ്വേ നം: 140/4-19
ഗണം-F

Plot Area : 678 $M^2$

Covered Area: 401.83 $M^2$

Floor Area -690.1 $M^2$

പ്രസ്തുത അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിംഗ് പ്ലാൻ പ്രകാരം കാർ പാർക്കിംഗിന് 120 $M^2$ ഉം, ഇരു ചക്ര വാഹനങ്ങൾക്ക് 29.75$m^2$ ഉം ഉൾപ്പെടെ 149.75$m^2$ ആവശ്യമാണ്. സൈറ്റ് പ്ലാൻ പ്രകാരം മേൽ കെട്ടിടത്തിന് 276.17$m^2$ തുറസായ സ്ഥലമുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെ തുറസായ സ്ഥലത്തിന്റെ 54% പാർക്കിംഗ് ഏരിയയായി പരിഗണിച്ചിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(21/20.12.2022) ന് മറുപടി ലഭ്യമായില്ല.

## 1-14 ലൈബ്രറി സെസ് അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു.

1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ട്, വകുപ്പ്- 48(1) പ്രകാരം , ലൈബ്രറി സെസ്സിനത്തിൽ ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ലെങ്കിൽ 2 ശതമാനം പിഴ ഒടുക്കണമെന്ന് നിഷ്കർശിക്കുന്നുണ്ട്. സെക്രട്ടറിയും പ്രസിഡണ്ടും അത്തരത്തിലുള്ള കാലതാമസത്തിന് ബാധ്യസ്ഥരായിരിക്കുമെന്നും മേൽ നിയമത്തിൽ വ്യക്തമാക്കുന്നുണ്ട്. ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം പിരിച്ചെടുത്ത തുക അടവാക്കേണ്ടതാണെന്ന് 29.12.2000 ലെ ത.സ്വ.ഭ.വ സർക്കുലർ നമ്പർ 17263 ൽ സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2021-22സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ ലൈബ്രറി സെസ് 2021 ഒക്ടോബർ 31 നകം അടവാക്കേണ്ടതായിരുന്നു. എന്നാൽ ടി തുക സമയപരിധിക്കകം അടവാക്കിയിട്ടില്ല. 2020-21 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ പിരിച്ചെടുത്ത തുക 266712 ( 79168 + 187544) രൂപ അടവാക്കിയിട്ടുള്ളത് 2.7.2021 ന് മാത്രമാണ്. (വൗച്ചർ നമ്പർ- 22100224, 22100225) ബാലൻസ് ഷീറ്റ് പ്രകാരം 31.3.2022 ന് 3,01,605 രൂപ ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്തത് അടവാക്കാനവശേഷിക്കുന്നുണ്ട്. ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയക്രമം പാലിക്കാത്തതിന്

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 1/15.12.2022 നുള്ള മറുപടിയിൽ 2021-22 ലെ പിരിച്ചെടുത്ത തുക 1.6.2022 ന് അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മേലിൽ ലൈബ്രറിസെസ്സിനത്തിൽ പിരിച്ചെടുക്കുന്ന തുക സമയപരിധി പാലിച്ച് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയ തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല.

ജി.ഒ.(ആർ.ടി) 626/2021/ത.സ്വ.ഭ.വ, തി-26.2.2021 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഹോണറേറിയം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. മേൽ ഉത്തരവ് പ്രകാരം പ്രസ്തുത തുക പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോട് കൂടിയാണ് മേൽ അനുമതി നൽകിയിരുന്നത്. ഇപ്രകാരം സാക്ഷരതാ പ്രേരക്, ശ്രീമതി. മേരി. എ.ജെ. എന്നവർക്ക് ചുവടെ ചേർത്തിട്ടുള്ള വിധം തുക തനത് ഫണ്ടിൽ നിന്നും നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തതായി വിവരം ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 22100031/13.4.2021 | 25192 | 12/20 മുതൽ 2/21 വരെയുള്ള ഹോണറേറിയം |
| 22100069/30.4.2021 | 9024 | 3/21 ലെ ഹോണറേറിയം |
| ആകെ | 34216 | |

മേൽ തുക തനത് ഫണ്ടിലേക്ക് ക്രമീകരിച്ചതിന്റെ വിവരം അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 2/15.12.2022 നുള്ള മറുപടിയിൽ 34216 രൂപ തിരികെ ലഭിക്കാൻ സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ക്രഡിറ്റ് ആവുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുമെന്നും മറുപടി നൽകി.

ക്രഡിറ്റ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കറവപശു വളർത്തൽ പദ്ധതി -അപാകതകൾ

നിർവ്വഹണം : വെറ്ററിനറി സർജൻ

പ്രൊജക്ടിന്റെപേര് : കറവപശു വളർത്തൽ

പ്രൊജക്ട് നം 33/22

അടങ്കൽ :148500/-

ചെലവ് :1485000/-

മേൽ പ്രൊജക്ട് പ്രകാരം, 55000രൂപ വിലയുള്ള കറവപ്പശുവിനെ 50% പ്ലാൻ ഫണ്ടു സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവുമായി 27 ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പതിമൂന്നാം പദ്ധതി മാർഗരേഖ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2പ്രകാരം ഉരുക്കളെ വാങ്ങുന്ന ഗുണഭോക്താക്കൾ ഉരുക്കളെ 3 വർഷമെങ്കിലും വളർത്തുമെന്ന് അറിയിച്ചുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ മേൽ ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടതായി മുദ്രപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിൽ വ്യവസ്ഥകളൊന്നും തന്നെ രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.ഗുണഭോക്താക്കളിൽ നിന്നും ശരിയായ വിധത്തിൽ കരാറുടമ്പടികൾ ലഭ്യമാക്കാതെ സബ്സിഡി നൽകിയത് ക്രമപ്രകാരമല്ല.

2) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.22/20.12.22യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം പ്രഥമമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-17 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 46/22

പ്രോജക്ടിന്റെ പേര്:പ്രത്യേക പരിഗണന അർഹിയ്ക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ : 2750000

വികസന ഫണ്ട് :10ലക്ഷം

തനത്ഫണ്ട് : 4 ലക്ഷം

ബ്ലോക്ക് പഞ്ചായത്ത് : 675000

ജില്ലപഞ്ചായത്ത് : 675000

ചെലവ് :2222000 രൂപ

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹിച്ച മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അധിക തുക നൽകി

14.02.2018ലെ ജി.ഒ.(കൈ)നം 22/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -തുക 28500യായി സർക്കാർ നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ ഷബീബ ഷാനു (അക്കൗണ്ട് നം 67214742115) എന്ന വിദ്യാർത്ഥിയ്ക്ക് അനുവദനീയമായതിലും അധികം തുക നൽകിയതായി കാണുന്നു. അനുവദിച്ച തുകയുടെ വിശദാംശങ്ങൾ തഴെ ചേർക്കുന്നു.

| ബില്ലിന്റെ വിവരം | അനുവദിച്ച തുക |
|---|---|
| 143450 /-<br>ചെക്ക് നം 4621386/3.3.22 | 14250/- |
| 986650/-<br>ബിൽ നം:6/6.11.2021 | 14250/- |
| 351000<br>ബിൽനം:9/21.1.2022 | 6000/- |
| Total | 34500രൂപ |

2) സ്കോളർഷിപ്പ് തുക-കുറവായി നൽകി

താഴെ പറയുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കു അനുവദനീയമായ തുകയിലും കുറഞ്ഞ തുകയാണ് അനുവദിച്ചിരിക്കുന്നത് വിശദാംശങ്ങൾ തഴെ ചേർക്കുന്നു.

| വിദ്യാർത്ഥികളുടെ പേര് | അനുവദിച്ച തുക |
|---|---|
| സമ്രീൻ സീനത്ത് | 27500 |
| മുഹമ്മദ് സിദാൻ | 27500 |

സ്കോളർഷിപ്പിനത്തിൽ 6000രൂപ അധികം നൽകിയതിനും രണ്ടു വിദ്യാർഥികൾക്ക് തുക കുറവായി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.12/17.12.22യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഷബീബ ഷാനു എന്ന വിദ്യാർത്ഥിക്ക് നൽകിയ അധികം തുക 6000രൂപ 2022-23 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് തുകയിൽ കുറവ് വരുത്തിയും ക്രമനം (2) അപാകത പ്രകാരം കുറവായി നൽകിയ തുക ബന്ധപ്പെട്ട കുട്ടികൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് ക്രമീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട് . തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 പോഷകാഹാര വിതരണം - അപാകതകൾ

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം : 13/22

മൊത്തം അടങ്കൽ- : 50ലക്ഷം

ചെലവ് :50ലക്ഷം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 35 അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി അമൃതം ന്യൂട്രിമിക്സ് പൂർണ്ണേന്ദു കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, കുളത്തൂർ നിന്നും വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം തീയതി | അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് പൂർണ്ണേന്ദു കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് കുളത്തൂരിന് നൽകിയ തുക (ജി. എസ്.ടി ഒഴികെ) | |
|---|---|---|---|---|
| | | | തൂക്കം Kg. | വില |

| | | | | |
|---|---|---|---|---|
| 1 | 461619 | 4621383 21.2.2022 | 3105 | 217350 |
| | | | 3131 | 219170 |
| 2 | 216162 | 5/6.11.22 | 3210.5 | 224735 |
| | | | 3632.5 | 254275 |
| 3 | 633641 | 4621380 18.2.2022 | 3689 | 258230 |
| | | 4621380 18.2.2022 | 3580.5 | 250635 |
| 4 | 512474 | 4621381 17.2.2022 | 3713 | 259910 |
| | | 4621381 17.2.2022 | 3210 | 224700 |
| | | | 27271.5 | 1909005 |
| Tds 2% | | | | 30180 |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി. എസ്. ഈടാക്കിയില്ല.

CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവു ചെയ്തിട്ടില്ല.

3) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു.അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം 18/19.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം പ്രഥമമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-19 സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഡ്രൈനേജ് പ്രവൃത്തികളുടെ ഭാഗമായി ബെഡ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്.

എന്നാൽ ഈ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ചെടുത്ത പ്രതലത്തിലാണ് ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (GSTഉൾപ്പെടെ) |
|---|---|---|---|---|
| അംബേദ്കർ കോളനി ഡ്രൈനേജ് നിർമ്മാണം (83/22)<br>ബിൽ 21151552015001136089/15.2.2022 തുക 232861<br>സാങ്കേതികാനുമതി 28140/12.9.2021<br>കരാർ 27/20.10.2021 (6.6% Below)<br>കോൺട്രാക്ടർ. ശ്രീ.മുഹമ്മദ് ഷരീഫ്.വി.വി<br>അളവ് പുസ്തകം 24/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 8.745$m^3$ | 60992<br>@6974.53/$m^3$ | 58646<br>@6706.28/$m^3$ | 2454<br>(2191+263) |

| | | | | |
|---|---|---|---|---|
| കുളത്തൂർ സ്റ്റേഷൻപടി പന്നിക്കോട് റോഡ് നവീകരണം (66/22)<br>ബിൽ 21151552015001345980/16.3.2022 തുക 382108<br>സാങ്കേതികാനുമതി 28121/12.9.21<br>കരാർ 50/18.12.2021 (20.82% Below)<br>കോൺട്രാക്ടർ. ശ്രീ.താരീഖ് ബാബു.കെ<br>അളവ് പുസ്തകം 36/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 15.48$m^3$ | 85541<br>@5525.92 /$m^3$<br>20.77%കുറഞ്ഞ നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക് @6974.53/$m^3$ | 82199<br>@5310.03$m^3$<br>20.82%കുറഞ്ഞ നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക് @6706.28 /$m^3$ | 3743<br>(3342+401) |
| വെങ്ങാട് ചേയിൽപടി ആനക്കുഴി ചേറ്റുപ്പാറ റോഡ് നവീകരണം (85/22)<br>ബിൽ 21151552015001387761/19.3.2022 തുക 301750<br>ചെക്ക് 4626043/29.3.22 തുക 109885<br>സാങ്കേതികാനുമതി 28804/14.9.2021<br>കരാർ 23/16.10.2021<br>കോൺട്രാക്ടർ. ശ്രീ.ഷഹീർ അലി.പി (8.5% Below)<br>അളവ് പുസ്തകം 37/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 14.82$m^3$ | 103363<br>@6974.53/$m^3$ | 99387<br>@6706.28/ $m^3$ | 4075<br>(3638+437) |
| പൊട്ടിക്കുഴി മുണ്ടുമ്മൽകുന്ന് റോഡ് നവീകരണം (77/22)<br>ബിൽ 21151552015001427588/23.3.2022 തുക 499659<br>സാങ്കേതികാനുമതി 28149/2.9.2021<br>കരാർ 49/18.12.2021<br>കോൺട്രാക്ടർ. ശ്രീ.റഷീദ്.സി<br>അളവ് പുസ്തകം 56/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 13.67$m^3$ | 95342<br>@6974.53/$m^3$ | 91675<br>@6706.28/ $m^3$ | 4107<br>(3667+440) |
| മച്ചിങ്ങൽപടി ചാലിയിൽപടി റോഡ് ഡ്രൈനേജ് നിർമ്മാണം (83/22)<br>ബിൽ 21151552015001486897/26.3.2022 തുക 60400<br>ചെക്ക് 462604 4/30.3.22 തുക 236603<br>സാങ്കേതികാനുമതി 64808/16.12.2021<br>കരാർ 58/11.2.2022 (0.18% Below)<br>കോൺട്രാക്ടർ. ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 6 6/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 12.66$m^3$ | 99276<br>@7841.67/$m^3$ | 95457<br>@7540.07 /$m^3$ | 4269<br>(3812+457) |

ഓഡിറ്റ് എൻക്വയറി 7 /21-22/15.12.20212 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. ഡ്രൈനേജ് പ്രവൃത്തികൾക്ക് മണ്ണ് കിളച്ചെടുക്കുമ്പോൾ മണ്ണിനടിയിലായി കുടിവെള്ള പദ്ധതികളുടെ പൈപ്പ്, BSNL കേബിൾ എന്നിവ ഉള്ളതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫൗണ്ടേഷൻ കുഴി In Line & Tact കിട്ടുകയില്ല. ഇത് കാരണം എസ്റ്റിമേറ്റിലെ അളവിലും അധികരിച്ചാണ് കുഴി എടുക്കുന്നത്.

2. ഡ്രൈനേജിന്റെ സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിന് സെന്ററിങ് In Line വരണമെങ്കിൽ സെന്ററിങ് , ഷട്ടറിങ് ബേസിൽ നിന്ന് തന്നെ തുടങ്ങേണ്ടതുണ്ട്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ചുവടെ കാണിച്ച കാരണങ്ങളാൽ സ്വീകാര്യമല്ല.

ഈ പ്രവൃത്തികൾ ചെയ്യുന്ന ഭാഗങ്ങളിൽ പൈപ്പ് ലൈൻ, കേബിൾ എന്നിവ ഉള്ളതായി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഡ്രൈനേജ് പ്രവൃത്തികൾക്ക് മണ്ണ് കിളച്ചെടുത്തപ്പോൾ പൈപ്പ് ലൈൻ, കേബിൾ എന്നിവ കണ്ടതായോ അവ മാറ്റി സ്ഥാപിക്കാൻ പ്രത്യേക നിരക്ക് നൽകുകയോ ചെയ്തിട്ടില്ല. പൈപ്പ് ലൈൻ ഉള്ള ഭാഗങ്ങളിൽ മണ്ണ് കിളച്ചെടുക്കുമ്പോൾ In Line & Tact കിട്ടുകയില്ല എന്നും ഇത് കാരണം എസ്റ്റിമേറ്റിലെ അളവിലും അധികരിച്ചാണ് കുഴി എടുക്കുന്നത് എന്നതും സാങ്കേതികമായി അടിസ്ഥാനമില്ലാത്തതാണ്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-20 ഷീറ്റ് റൂഫിങ് പ്രവൃത്തി - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.40 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് 611.79/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഗ്രാമ പഞ്ചായത്തിൽ നൽകി വരുന്നത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.40 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

DSR കോഡ് 12.50പ്രകാരം ഈ പ്രവൃത്തിക്ക് നൽകാവുന്ന കൂലി മറ്റ് ഇനങ്ങളും, എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് കണക്കാക്കിയ ഡാറ്റയിൽ GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് നൽകിയ അതേ മാർക്കറ്റ് റേറ്റും ഉൾപെടുത്തി തയ്യാറാക്കിയ ഈ പ്രവൃത്തിക്ക് നൽകാവുന്ന അനുവദനീയമായ നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.40mm | Sqm | 233.650 | 330.00 | 77104.50 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 91910.55 |
| Cost For 216.14sqm | | | | | 91910.55 |
| Cost For 1 Metre | | | | | 425.24 |
| Add Water Charge1% | | | | | 4.25 |
| Total | | | | | 429.49 |
| Add CPOH 15% | | | | | 64.42 |
| Cost Index 31.06% (Excluding MR) | | | | | 21.28 |
| Total | | | | | 515.19 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വയറിന് ശരാശരി 100 രൂപ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ

മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം(GST ഉൾപ്പെടെ ) |
|---|---|---|---|---|
| VEO ഓഫീസ് നവീകരണം (160/22)<br>ബിൽ 21151552015000205517/15.7.2021 തുക 79104<br>സാങ്കേതികാനുമതി 45649/11.7.2020<br>കരാർ 113/7.9.2020<br>കോൺട്രാക്ടർ. ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 50/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഇനം 4<br>62.46m$^2$ | 38212<br>@611.79/m$^2$ | 32179<br>@515.19m$^2$ | 6757<br>(6033+724) |
| അഹമ്മദ് കുരിക്കൾ സ്മാരക വ്യവസായ കെട്ടിടം നവീകരണം (158/22)<br>ബിൽ 21151552015000205703/15.7.2021 തുക 178458<br>സാങ്കേതികാനുമതി 41062/29.6.2020<br>കരാർ 116/8.9.2020<br>കോൺട്രാക്ടർ. ശ്രീ.ഹാരിസ് ബാബു<br>അളവ് പുസ്തകം 48/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 27m$^2$ | 16518<br>@611.79 /m$^2$ | 13910<br>@515.19m$^2$ | 2921<br>(2608+313) |
| അംഗൻവാടികളുടെ മെയിന്റനൻസ് - വെങ്ങാട് , മൂർക്കനാട് ഭാഗം (152/22)<br>ബിൽ 21151552015000450046/25.9.2021 തുക 332901<br>സാങ്കേതികാനുമതി 45465/11.7.2020<br>കരാർ 119/15.10.2020<br>കോൺട്രാക്ടർ. ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 117/20-21, 108/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 27.783m$^2$ | 16997<br>@611.79 /m$^2$ | 14314<br>@515.19m$^2$ | 3005<br>(2683+322) |
| FLTC ക്ക് (ഇ.എം.എസ് സെന്റിനറി ഹാൾ) സാനിറ്റേഷൻ സൗകര്യം (166/22) | 34.913m$^2$ | 19864<br>@568.96 /m$^2$<br>7%കുറഞ്ഞ | 16728<br>@479.13 /m$^2$<br>7%കുറഞ്ഞ | 3512<br>(3136+376) |

| | | | | |
|---|---|---|---|---|
| ചെക്ക് CHJM 4626041/28.9.2021<br>തുക 85953<br>സാങ്കേതികാനുമതി 47959/24.7.2020<br>കരാർ 40/17.9.2020 7% കുറഞ്ഞ നിരക്ക്<br>കോൺട്രാക്ടർ. ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 104/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക്<br>@611.79 /$m^2$ | നിരക്ക്<br>നൽകാവുന്ന നിരക്ക്<br>@515.19 /$m^2$ | |
| ആകെ | | | | 16195 |

ഓഡിറ്റ് എൻക്വയറി 8/21-22/15.12.20212 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. ഈ പ്രവൃത്തികളിലെല്ലാം 0.40 Mm ഷീറ്റിനുള്ള ലോക്കൽ മാർക്കറ്റ് റേറ്റിന് പകരം 0.35 Mm നുള്ള 330/$m^2$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. 0.40 Mm ഷീറ്റിന് 376/$m^2$ ആണ് ലോക്കൽ മാർക്കറ്റ് റേറ്റ്.

2. ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റ പ്രകാരമാണ് ഈ പ്രവൃത്തിക്ക് നിരക്ക് കണക്കാക്കിയിട്ടുള്ളത്. ആയത് പ്രകാരം 607.83/$m^2$ ആണ് അനുവദനീയമായ നിരക്ക്. ഈ പ്രവൃത്തിയിൽ 611.79/$m^2$ നൽകിയത് തെറ്റ് പറ്റിയതാണ്. അധിക തുക തിരിച്ചടക്കുന്നതാണ്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ചുവടെ കാണിച്ച കാരണങ്ങളാൽ സ്വീകാര്യമല്ല.

1. 0.40 Mm ഷീറ്റിനുള്ള നിരക്കിന് പകരം 0.35 Mm ഷീറ്റിനുള്ള നിരക്കാണ് ഡാറ്റയിൽ ഉൾപെടുത്തിയത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഈ നിരക്ക് വ്യത്യാസം ശ്രദ്ധിച്ചില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

2. ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റ GI ഹാർഡ് കളർ പൗഡർ കോട്ടട് ട്രഫോർഡ് ഷീറ്റിനുള്ളതാണ്. എന്നാൽ ഇവിടെ ഉപയോഗിച്ചിട്ടുള്ളത് GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റ് ആണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്ത ഡാറ്റയിൽ 0.35 Mm ഷീറ്റിന് 330 രൂപയല്ല മറിച്ച് 300 രൂപയാണ് മാർക്കറ്റ് നിരക്കായി രേഖപ്പെടുത്തിയിട്ടുള്ളത്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-21 വി ഇ.ഒ : രജിസ്റ്ററുകൾ/രേഖകൾ സൂക്ഷിയ്ക്കുന്നതിലെ അപാകതകൾ

1)കാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.
എന്നാൽ വി ഇ.ഒ കാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 2021-22വർഷത്തിൽ 6 പ്രൊജക്ടുകൾക്കായി 8661591 രൂപ ചെലവഴിച്ചിട്ടുണ്ട്. വരവു ചെലവു കണക്കുകൾ കൃത്യമായി കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. 8.8.2021 മുതൽ 10.2.2022വരെയുള്ള കാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കാഷ് ബുക്ക് സാമ്പത്തിക വർഷം തിരിച്ച് എഴുതുകയോ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2)പ്രോജക്ട് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

മേൽ പ്രോജക്ടുകൾക്കായി ബിൽ/ചെക്ക് മുഖാന്തിരം പിൻവലിച്ച മുഴുവൻ തുകകളുടേയും വിവരം പ്രൊജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.20/19.12.22 ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. 8.8.2021 മുതൽ 10.2.2022വരെയുള്ള കാലയളവിൽ വിവിധ പ്രൊജക്ടുകൾക്കായി ബിൽ/ചെക്ക് മുഖേന

പിൻവലിച്ച മുഴവൻ തുകകളുടേയും വരവു ചെലവു വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മുഴവൻ വിവരങ്ങളും രേഖപ്പെടുത്തി പ്രൊജക്ട് രജിസ്റ്റർ കൃത്യമായി സൂക്ഷിയ്ക്കേണ്ടതുമാണ്.

## 1-22 പി.എം. എ വൈ അധിക ധനസഹായം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ടിന്റെ പേര് : പി.എം. എ വൈ അധിക ധനസഹായം പഞ്ചായത്ത് വിഹിതം അടവാക്കൽ (230/22)

അടങ്കൽ :206667/-

ചെലവ് :201000/- ബിൽനം 20/24.3.2022

മേൽ പ്രൊജക്ട് പ്രകാരം പി.എം. എ വൈ പദ്ധതിയ്ക്ക വേണ്ടി201000/- ഗ്രാമ പഞ്ചായത്തു വിഹിതമായി മങ്കട ബ്ളോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1. മങ്കട ബ്ളോക്ക് പഞ്ചായത്തിന്റെ കൈപ്പറ്റ രശീതി.

2. തുക ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് നൽകിയത് എന്നതു സംബന്ധിച്ച വിവരം

3.201000 രൂപയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം
അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.19/19.12.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 201000രൂപ തടസ്സം ചെയ്യുന്നു.

## 1-23 സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

13ാം പദ്ധതി മാർഗരേഖ ത.സ്വ.ഭ വകുപ്പിന്റെ 11/2018 നം സർക്കാർ ഉത്തരവ് ഖ 6.8പ്രകാരം, സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവറായ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശമുള്ളതാണ്. എന്നാൽ 2021-22 വർഷത്തിൽ വി.ഇ. ഒ നിർവഹിയ്ക്കേണ്ടിയിരുന്ന താഴെ പറയുന്ന സ്പിൽ ഓവർ പ്രൊജക്ടുകൾ പ്രസ്തുത വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്ടുകളുടെ വിവരം | അടങ്കൽ |
|---|---|---|
| 1 | പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം (നിർമ്മാണപ്രവൃത്തികൾ )179/22 | 924000 |
| 2 | ലൈഫ് ഭവനപദ്ധതി 173/22 | 4873333 |
| 3 | ലൈഫ് ഭവനപദ്ധതി (എ.സ്സി) 175/22 | 920000 |
| 4 | ലൈഫ് ഭവനപദ്ധതി ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ(എ.സ്സി) 176/22 | 900000 |

സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവറായ വർഷത്തിൽ തന്നെ നടപ്പിലാക്കി പൂർത്തീകരിയ്ക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.23/19.12.22ന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യത്തെ 3പ്രൊജക്ടുകൾ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി, പദ്ധതികൾ തുടർന്നു വരികയാണെന്നും 4-ാം നം പ്രൊജക്ട് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതും സ്പിൽ ഓവർ പ്രൊജക്ടുകളുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾ കർശനമായും പാലിയ്ക്കേണ്ടതുമാണ്.

## 1-24 മുഴവൻ മരുന്നും ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പ്രൊജക്ട് : പി എച്ച് സിയിലേയ്ക്ക് മരുന്ന് വാങ്ങൽ (24/22)

അടങ്കൽ :5ലക്ഷം/- (റോഡിതരം )

ആകെ ചെലവ് :5 ലക്ഷം/- ചെക്ക് നം. 3140383/25.10.21

മേൽ പ്രജക്ട് പ്രകാരം പി എച്ച് സിയിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് കെ എം എസ് സി എല്ലിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രഫോർമ ഇൻവോയ്സ് നം PRF 1905 പ്രകാരമുള്ള മുഴവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും കെ എം എസ് സി എല്ലിൽ നിന്നും ലഭ്യമായിട്ടില്ല. ലഭിയ്ക്കാനവശേഷിയ്ക്കുന്ന മരുന്നിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 10805/3.1.2022 | 68066 | 13474 |
| 11841/27.1.2022 | 14608 | |

| | | |
|---|---|---|
| 68/2.4.2022 | 65559 | |
| 323/30.3.2022 | 59558 | |
| 651/20.4.2022 | 7419 | |
| 4757/21.6.2022 | 55522 | |
| 3875/7.6.2022 | 5423 | |
| 3013/27.5.2022 | 25077 | |
| 15208/28.10.2022 | 78606 | |
| 16691/10.11.22 | 6485 | |
| 17052/14.11.22 | 23344 | |
| 18429/23.112022 | 40782 | |
| 18670/24.11.2022 | 36077 | |
| | 486526 | |

അവശേഷിയ്ക്കുന്ന 13474 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 13/17.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ അവശേഷിയ്ക്കുന്ന മരുന്നുകൾ ഉടനടി ലഭ്യമാക്കാമെന്ന് കെ.എം സി.എൽ അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . തുടർനടപടി വിവരം അറിയിയ്ക്കേണ്ടതാണ്.

## 1-25 ഭവനനിർമാണത്തിനായി തുകകൾ കൈപറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമാണം ആരംഭിയ്ക്കുകയോ പൂർത്തീകരിയ്ക്കുകയോ ചെയ്തില്ല.

ലൈഫ് ഭവനപദ്ധതിയിൻ കീഴിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി തുകകൾ കൈപറ്റിയതിന്റെ വിവരമാണ് താഴെ ചേർത്തിരിക്കുന്നത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപറ്റിയ തുക (രജിസ്റ്റർ പ്രകാരം ) | കൈപറ്റിയ തീയതി (രജിസ്റ്റർ പ്രകാരം ) |
|---|---|---|---|
| 1 | നബീസW/O അബ്ദുൾഖാദർ വൈശ്യൻ കൊളത്തൂർ (പി.ഒ) വാർഡ് 5 | 40000/- | 12.7.2018 |
| 2 | അഹമ്മദ് . പി.S/O അബ്ദുള്ള, പാറപ്പുറത്ത് ഹൗസ്, മൂർക്കനാട് | 40000/- | 27.8.2019 |
| | | 120000/- | 3.1.2020 |
| | | 160000/- | 29.10.2019 |

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമാണം പൂർത്തീകരിയ്ക്കാത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ വസ്തുത വി.ഇ ഒ. യുടെ ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ നബീസ എന്ന ഗുണഭോക്താവ് നാളിതുവരെ വീട്ടുനിർമാണം ആരംഭിക്കുകപോലും ചെയ്യാത്ത സാഹചര്യത്തിൽ കൈപ്പറ്റിയ 40000രൂപയും 18% പലിശയുമടക്കം ടിയാരിയിൽ നിന്ന് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 22.11.2022 തീയതിയിലെ 10(2) നം പ്രകാരം തീരുമാനമെടുത്തതായി അറിയിച്ചിട്ടുണ്ട്.

അതുപോലെ അഹമ്മദ് അബ്ദുള്ള എന്ന ഗുണഭോക്താവ് നാളിതുവരെയും വീട്ടുനിർമാണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ കൈപറ്റിയ മുഴുവൻ തുകയും തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 17.8.2022 തീയതിയിൽ ടിയാന് കത്ത് നൽകിയതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഭവന നിർമാണത്തിനായി തുകകൾ കൈപറ്റി, നാളിതുവരെയായിട്ടും വീട്ടുനിർമാണം ആരംഭിയ്ക്കാത്തതും /പൂർത്തീകരിയ്ക്കാത്തതുമായ മേൽ വ്യക്തികളുടെ ഈ വിഷയത്തിലുള്ള തുടർനടപടികളുടെ വിവരം താമസം വിനാ അറിയിയ്ക്കേണ്ടതാണ്.

## 1-26 ചെലവഴിക്കാത്ത പദ്ധതിപ്പണം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്

2020-21 വർഷത്തെ പദ്ധതികളുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയ 10,60,918 രൂപ കേരള വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ-766839/15.3.2022) പ്രസ്തുത തുക 4.4.2022 ന് തനത് ഫണ്ട് അക്കൗണ്ടിൽ (കാനറാ ബാങ്ക് , കൊളത്തൂർ) വരവ് വരികയും ചെയ്തിട്ടുണ്ട്. മേൽ തുകയും 20-21

ഓഡിറ്റിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ30.10.2021 ന് തിരിച്ചടവാക്കിയ 48061 രൂപയും ഉൾപ്പെടെ 11,08,979 രൂപ Refund Of Unutilised Grants Of Prior Period എന്ന ഹെഡിൽ സർക്കാരിലേക്ക് അടവാക്കാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ ഭൂജല വകുപ്പ് ജില്ലാ ഓഫീസർ 1.3.2022 ന് തിരിച്ച് നൽകിയ 24758 രൂപ,31.3.2022 ന് തിരിച്ച് നൽകിയ49000 രൂപയുമുൾപ്പെടെ 73758 രൂപയും തിരിച്ചടവാക്കാനവശേഷിക്കുന്നുണ്ട്. (വാർഷിക കണക്കിലെ RP 47 പ്രകാരമുള്ളത്) . മൊത്തം 11,82,737 രൂപ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 അഗതി രഹിത കേരളം പദ്ധതിക്ക് രണ്ട് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

അഗതി രഹിത കേരളം പദ്ധതിക്കായി ദേശസാൽകൃത ബാങ്കിൽ സി.ഡി.എസ്.ചെയർപെഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ ഒരു പുതിയ ബാങ്ക് അക്കൗണ്ട് ആ രംഭിക്കണമെന്നും ആശ്രയ പദ്ധതിക്ക് അനുവദിക്കപ്പെട്ടതും എന്നാൽ വിനിയോഗ ശേഷം അവശേഷിക്കുന്നതുമായ മുഴുവൻ തുകയും പുതുതായി ആരംഭിക്കുന്ന അക്കൗണ്ടിൽ ഓപ്പണിംഗ് ബാലൻസ് ആയി ഉൾപ്പെടുത്തണമെന്നും ആഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിക്കായി കൊളത്തൂർ കാനറാബാങ്ക് ശാഖയിൽ 26.3.2019 ന് ആരംഭിച്ച അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 5971101003742) ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന ചലഞ്ച് ഫണ്ട് (പലിശയുൾപ്പെടെ-202200) മാത്രമാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. പദ്ധതിക്ക് വേണ്ടി വകയിരുത്തിയ പ്ലാൻ ഫണ്ട് ഇപ്പോഴും സി.ഡി.എസിന്റെ പേരിൽ വളാഞ്ചേരി-കാനറാ ബാങ്കിലുള്ള അക്കൗണ്ടിലാണ് (അക്കൗണ്ട് നമ്പർ- 0859101046192) സൂക്ഷിക്കുന്നത്. ഇക്കാരണത്താൽ പദ്ധതി ഫണ്ട് രണ്ട് അക്കൗണ്ടിലായി സൂക്ഷിക്കുന്നു. സി.ഡി.എസിന്റെ പേരിൽ വളാഞ്ചേരി-കാനറാ ബാങ്കിലുള്ള അക്കൗണ്ടിലുള്ള തുക പദ്ധതിയുടെ കാഷ് ബുക്കിൽ അക്കൗണ്ട് ചെയ്യപ്പെടുന്നുമില്ല. ഇത് ക്രമ വിരുദ്ധമായ നടപടിയാണ്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. വളാഞ്ചേരി-കാനറാ ബാങ്കിലുള്ള അക്കൗണ്ടിൽ 1.11.2022 ന് 3,68,786 രൂപ അവശേഷിക്കുന്നു. 18 ഗുണഭോക്താക്കൾക്ക് ഭക്ഷണം, വസ്ത്രം, ചികിൽസ, വീട്, വിദ്യാഭ്യാസം എന്നി സേവന ഘടകങ്ങൾക്കായി ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും ഭക്ഷ്യകിറ്റ് വിതരണം ചെയ്തത് ഒഴികെ മറ്റ് സേവനങ്ങളൊന്നും പ്രദാനം ചെയ്യാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ അക്കൗണ്ടിലെ പദ്ധതിപ്പണം പ്രയോജനപ്പെടുത്താനാകാതെ മുടങ്ങിക്കിടക്കുന്നു.

2. കൊളത്തൂർ കാനറാബാങ്ക് ശാഖയിൽ ചലഞ്ച് ഫണ്ടിനത്തിൽ ബാലൻസ് ഇല്ലാത്തതിനാൽ ( അക്കൗണ്ടിൽ 9.11.2022 ന് 18 രൂപ മാത്രമാണ് ബാലൻസ് ഉള്ളത്. ) 7/2021 ന് ശേഷം ഭക്ഷ്യകിറ്റ് വിതരണവും നടത്തിയിട്ടില്ല.

3. ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിലുള്ള 95935 രൂപയും വീട് റിപ്പയർ ഇനത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് പ്രോജക്ട് നമ്പർ- 51/22 പ്രകാരം അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ധന സഹായം നൽകിയ 134000 രൂപയും ഒഴിച്ചാൽ മറ്റ് ധനസഹായങ്ങളൊന്നും പദ്ധതിയുടെ ഭാഗമായി നടന്നിട്ടില്ല.

4. പദ്ധതി പ്രവർത്തന പുരോഗതി ഒരു തലത്തിലും വിലയിരുത്തപ്പെടുന്നില്ല.

പദ്ധതി നടത്തിപ്പിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 14/17.12.2022 നുള്ള മറുപടിയിൽ പദ്ധതി ഫണ്ട് ഒറ്റ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ച് വരികയാണെന്നും അപാകതകൾ പരിഹരിക്കുമെന്നും അറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗം നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഒരു വിദ്യാഭ്യാസ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല വിവിധ സർക്കാർ ഉത്തരവുകളിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇർഷാദിയ്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ - കൊളത്തൂർ കഴിഞ്ഞ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുക പോലും ചെയ്തിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത സ്കൂളിന് 4837.96$M^2$വിസ്തീർണ്ണമുണ്ട്.

ഓഡിറ്റ് എൻക്വയറി 9 /2021-22/17.12.2022 നൽകിയതിന് – സ്കൂളുകൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണെന്നും ആയതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ് എന്നും അസിസ്റ്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി.
ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവൃത്തിക്കുന്ന പ്രസ്തുത സ്കൂളിന്റെ കാര്യത്തിൽ നിയമാനുസൃതം സ്വീകരിച്ച തുടർ നടപടികളെ കുറിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-29 ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| നാഷണൽ എൽ.പി സ്കൂൾ. ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾകൊളത്തൂർ | 3/163<br>3/163B<br>3/163F<br>3/163G<br>3/163H<br>2/493 | $420M^2$<br>$1590.08M^2$<br>$611.052M^2$<br>$611.05M^2$<br>$611.05M^2$<br>$100M^2$<br>ആകെ $3943.232M^2$ | എൽ.പി സ്കൂൾ $1828M^2$<br>ഹൈസ്കൂൾ $7233.89M^2$<br>ഹയർസെക്കന്ററി സ്കൂൾ $1036.75M^2$<br>ആകെ $10698.64M^2$ |
| തഖ്വ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കൊളത്തൂർ | 8/36 | $566M^2$ | $1114.12M^2$ |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി 10/2021-22/17.12.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-31 എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- അർഹമായതിലും കൂടുതൽ തുക നൽകി

എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ എന്ന പ്രോജക്റ്റ്(പ്രോജക്റ്റ് നമ്പർ-48/22 ) പ്രകാരം ശ്രീമതി. ശ്രുതി. എം.കെ, D/O.വേലായുധൻ, മൂർക്കനാട്.പി.ഒ, വാർഡ്-11 എന്ന ഗുണഭോക്താവിന് 20000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. (ബിൽ നമ്പർ- 17/8.3.2022) വളാഞ്ചേരി ഐ.എച്ച്.ആർ.ഡി. സെന്ററിൽ ഏക വർഷ പി.ജി.ഡി.സി.എ. കോഴ്സിനാണ് മേൽ ഗുണഭോക്താവ് പഠിക്കുന്നത്. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 15000 രൂപയ്ക്ക് മാത്രമാണ് ടി ഗുണഭോക്താവിന് അർഹതയുള്ളത്. 5000 രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/19.12.2022 നുള്ള മറുപടിയിൽ അധിക തുക നൽകിയത് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 5000 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഷീറ്റ് റൂഫിങ് പ്രവൃത്തി - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യുന്നതിന് 0.40 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് 611.79/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. റൂഫിംഗിനായി ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് ഗ്രാമ പഞ്ചായത്തിൽ നൽകി വരുന്നത്. ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ വിവിധ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.40 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

DSR കോഡ് 12.50പ്രകാരം ഈ പ്രവൃത്തിക്ക് നൽകാവുന്ന കൂലി മറ്റ് ഇനങ്ങളും, എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് കണക്കാക്കിയ ഡാറ്റയിൽ GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് നൽകിയ ആതേ മാർക്കറ്റ് റേറ്റും ഉൾപെടുത്തി തയ്യാറാക്കിയ ഈ പ്രവൃത്തിക്ക് നൽകാവുന്ന അനുവദനീയമായ നിരക്കിന്റെ വിശദ വിവരം താഴെ നൽകുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.40mm | Sqm | 233.650 | 330.00 | 77104.50 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |

| | |
|---|---|
| Total | 91910.55 |
| Cost For 216.14sqm | 91910.55 |
| Cost For 1 Metre | 425.24 |
| Add Water Charge1% | 4.25 |
| Total | 429.49 |
| Add CPOH 15% | 64.42 |
| Cost Index 31.06% (Excluding MR) | 21.28 |
| Total | 515.19 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വറിന് ശരാശരി 100 രൂപ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ രൂപ ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം(12%GST ഉൾപ്പെടെ) |
|---|---|---|---|---|
| VEO ഓഫീസ് നവീകരണം (160/22)<br>ബിൽ 21151552015000205517/15.7.2021 തുക 79104<br>സാങ്കേതികാനുമതി 45649/11.7.2020<br>കരാർ 113/7.9.2020<br>കോൺട്രാക്ടർ. ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 50/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഇനം 4<br>62.46$m^2$ | 38212<br>@611.79/$m^2$ | 32179<br>@515.19$m^2$ | 6757<br>(6033+724) |
| അഹമ്മദ് കുരിക്കൾ സ്മാരക വ്യവസായ കെട്ടിടം നവീകരണം (158/22)<br>ബിൽ 21151552015000205703/15.7.2021 തുക 178458<br>സാങ്കേതികാനുമതി 41062/29.6.2020<br>കരാർ 116/8.9.2020<br>കോൺട്രാക്ടർ. ശ്രീ.ഹാരിസ് ബാബു<br>അളവ് പുസ്തകം 48/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 27$m^2$ | 16518<br>@611.79 /$m^2$ | 13910<br>@515.19$m^2$ | 2921<br>(2608+313) |
| അംഗൻവാടികളുടെ മെയിന്റനൻസ് - വെങ്ങാട് , മൂർക്കനാട് ഭാഗം (152/22)<br>ബിൽ 21151552015000450046/25.9.2021 തുക 332901<br>സാങ്കേതികാനുമതി | 27.783$m^2$ | 16997<br>@611.79 /$m^2$ | 14314<br>@515.19$m^2$ | 3005<br>(2683+322) |

| | | | | |
|---|---|---|---|---|
| 45465/11.7.2020<br>കരാർ 119/15.10.2020<br>കോൺട്രാക്ടർ. ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 117/20-21, 108/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| FLTC ക്ക് (ഇ.എം.എസ് സെന്റിനറി ഹാൾ) സാനിറ്റേഷൻ സൗകര്യം (166/22)<br>ചെക്ക് CHJM 4626041/28.9.2021<br>തുക 85953<br>സാങ്കേതികാനുമതി 47959/24.7.2020<br>കരാർ 40/17.9.2020 7% കുറഞ്ഞ നിരക്ക്<br>കോൺട്രാക്ടർ. ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 104/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 34.913$m^2$ | 19864<br>@568.96/$m^2$<br>7%കുറഞ്ഞ നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക്<br>@611.79 /$m^2$ | 16728<br>@479.13 /$m^2$<br>7%കുറഞ്ഞ നിരക്ക്<br>നൽകാവുന്ന നിരക്ക്<br>@515.19/$m^2$ | 3512<br>(3136+376) |
| ആകെ | | | | 16195 |

ഓഡിറ്റ് എൻക്വയറി 8/21-22/15.12.20212 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. ഈ പ്രവൃത്തികളിലെല്ലാം 0.40 Mm ഷീറ്റിനുള്ള ലോക്കൽ മാർക്കറ്റ് റേറ്റിന് പകരം 0.35 Mm നുള്ള 330/$m^2$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. 0.40 Mm ഷീറ്റിന് 376/$m^2$ ആണ് ലോക്കൽ മാർക്കറ്റ് റേറ്റ്.

2. ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റ പ്രകാരമാണ് ഈ പ്രവൃത്തിക്ക് നിരക്ക് കണക്കാക്കിയിട്ടുള്ളത്. ആയത് പ്രകാരം 607.83/$m^2$ ആണ് അനുവദനീയമായ നിരക്ക്. ഈ പ്രവൃത്തിയിൽ 611.79/$m^2$ നൽകിയത് തെറ്റ് പറ്റിയതാണ്. അധിക തുക തിരിച്ചടക്കുന്നതാണ്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ചുവടെ കാണിച്ച കാരണങ്ങളാൽ സ്വീകാര്യമല്ല.

1. 0.40 Mm ഷീറ്റിനുള്ള നിരക്കിന് പകരം 0.35 Mm ഷീറ്റിനുള്ള നിരക്കാണ് ഡാറ്റയിൽ ഉൾപെടുത്തിയത് എന്നത് അവിശ്വസനീയമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇക്കാര്യം ശ്രദ്ധിച്ചില്ല എന്നത് അംഗീകരിക്കാവുന്നതല്ല.

2. ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റ GI ഹാർഡ് കളർ പൗഡർ കോട്ടട് ട്രഫോർഡ് ഷീറ്റിനുള്ളതാണ്. എന്നാൽ ഇവിടെ ഉപയോഗിച്ചിട്ടുള്ളത് GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റ് ആണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്ത ഡാറ്റയിൽ 0.35 Mm ഷീറ്റിന് 330 രൂപയല്ല മറിച്ച് 300 രൂപയാണ് മാർക്കറ്റ് നിരക്കായി രേഖപ്പെടുത്തിയിട്ടുള്ളത്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഡ്രൈനേജ് പ്രവൃത്തികളുടെ ഭാഗമായി ബെഡ് കോൺക്രീറ്റ് ചെയ്യുതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്.

എന്നാൽ ഈ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ചെടുത്ത പ്രതലത്തിലാണ് ബെഡ് കോൺക്രീറ്റ്

ചെയ്തിട്ടുള്ളത്. ആയതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം(12%GST ഉൾപ്പെടെ |
|---|---|---|---|---|
| അംബേദ്കർ കോളനി ഡ്രൈനേജ് നിർമ്മാണം (83/22)<br>ബിൽ 21151552015001136089/15.2.2022 തുക 232861<br>സാങ്കേതികാനുമതി 28140/12.9.2021<br>കരാർ 27/20.10.2021 (6.6% Below)<br>കോൺട്രാക്ടർ. ശ്രീ.മുഹമ്മദ് ഷരീഫ്.വി.വി<br>അളവ് പുസ്തകം 24/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 8.745$m^3$ | 60992<br>@6974.53/$m^3$ | 58646<br>@6706.28/$m^3$ | 2454<br>(2191+263) |
| കളത്തൂർ സ്റ്റേഷൻപടി പന്നിക്കോട് റോഡ് നവീകരണം (66/22)<br>ബിൽ 21151552015001345980/16.3.2022 തുക 382108<br>സാങ്കേതികാനുമതി 28121/12.9.21<br>കരാർ 50/18.12.2021 (20.82% Below)<br>കോൺട്രാക്ടർ. ശ്രീ.താരീഖ് ബാബു.കെ<br>അളവ് പുസ്തകം 36/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 15.48$m^3$ | 85541<br>@5525.92/$m^3$<br>20.77%കുറഞ്ഞ നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക്<br>@6974.53/$m^3$ | 82199<br>@5310.03$m^3$<br>20.82%കുറഞ്ഞ നിരക്ക്<br>എസ്റ്റിമേറ്റ് നിരക്ക്<br>@6706.28/$m^3$ | 3743<br>(3342+401) |
| വെങ്ങാട് ചേയിൽപടി ആനക്കുഴി ചേറ്റുപ്പാറ റോഡ് നവീകരണം (85/22)<br>ബിൽ 21151552015001387761/19.3.2022 തുക 301750<br>ചെക്ക് 4626043/29.3.22 തുക 109885<br>സാങ്കേതികാനുമതി 28804/14.9.2021<br>കരാർ 23/16.10.2021<br>കോൺട്രാക്ടർ. ശ്രീ.ഷഹീർ അലി.പി (8.5% Below)<br>അളവ് പുസ്തകം 37/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 14.82$m^3$ | 103363<br>@6974.53/$m^3$ | 99387<br>@6706.28/$m^3$ | 4075<br>(3638+437) |
| പൊട്ടിക്കുഴി മുണ്ടുമ്മൽകുന്ന് റോഡ് | 13.67$m^3$ | 95342 | 91675 | 4107 |

| | | | | |
|---|---|---|---|---|
| നവീകരണം (77/22)<br>ബിൽ<br>2115155201500142758 8/23.3.2022<br>തുക 499659<br>സാങ്കേതികാനുമതി<br>28149/2.9.2021<br>കരാർ 49/18.12.2021<br>കോൺട്രാക്ടർ. ശ്രീ.റഷീദ്.സി<br>അളവ് പുസ്തകം 56/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | @6974.53/$m^3$ | @6706.28/$m^3$ | (3667+440) |
| മച്ചിങ്ങൽപടി ചാലിയിൽപടി റോഡ് ഡ്രൈനേജ് നിർമ്മാണം (83/22)<br>ബിൽ<br>2115155201500148689 7/26.3.2022<br>തുക 60400<br>ചെക്ക് 4626044 /30.3.22 തുക 236603<br>സാങ്കേതികാനുമതി<br>64808/16.12.2021<br>കരാർ 58/11.2.2022 (0.18% Below)<br>കോൺട്രാക്ടർ.<br>ശ്രീ.എം.വി.രാജേഷ്<br>അളവ് പുസ്തകം 66 /21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 12.66$m^3$ | 99276<br>@7841.67/$m^3$ | 95457<br>@7540.07/$m^3$ | 4269<br>(3812+457) |
| | | | ആകെ | 18654 |

ഓഡിറ്റ് എൻക്വയറി 7 /21-22/15.12.20212 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. ഡ്രൈനേജ് പ്രവൃത്തികൾക്ക് മണ്ണ് കിളച്ചെടുക്കുമ്പോൾ മണ്ണിനടിയിലായി കുടിവെള്ള പദ്ധതികളുടെ പൈപ്പ്, BSNL കേബിൾ എന്നിവ ഉള്ളതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫൗണ്ടേഷൻ കുഴി In Line & Tact കിട്ടുകയില്ല. ഇത് കാരണം എസ്റ്റിമേറ്റിലെ അളവിലും അധികരിച്ചാണ് കുഴി എടുക്കുന്നത്.

2. ഡ്രൈനേജിന്റെ സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിന് സെന്ററിങ് In Line വരണമെങ്കിൽ സെന്ററിങ് , ഷട്ടറിങ് ബേസിൽ നിന്ന് തന്നെ തുടങ്ങേണ്ടതുണ്ട്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ചുവടെ കാണിച്ച കാരണങ്ങളാൽ സ്വീകാര്യമല്ല.

ഈ പ്രവൃത്തികൾ ചെയ്യുന്ന ഭാഗങ്ങളിൽ പൈപ്പ് ലൈൻ, കേബിൾ എന്നിവ ഉള്ളതായി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഡ്രൈനേജ് പ്രവൃത്തികൾക്ക് മണ്ണ് കിളച്ചെടുത്തപ്പോൾ പൈപ്പ് ലൈൻ, കേബിൾ എന്നിവ കണ്ടതായോ അവ മാറ്റി സ്ഥാപിക്കാൻ പ്രത്യേക നിരക്ക് നൽകുകയോ ചെയ്തിട്ടില്ല. പൈപ്പ് ലൈൻ ഉള്ള ഭാഗങ്ങളിൽ മണ്ണ് കിളച്ചെടുക്കുമ്പോൾ In Line & Tact കിട്ടുകയില്ല എന്നും ഇത് കാരണം എസ്റ്റിമേറ്റിലെ അളവിലും അധികരിച്ചാണ് കുഴി എടുക്കുന്നത് എന്നതും സാങ്കേതികമായി അടിസ്ഥാനമില്ലാത്തതാണ്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. അധികം നൽകിയ തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 12.12.2022 മുതൽ 20.12.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 276240 | നെൽകൃഷി വികസനം 06/22 | 276240 | 0 |
| | 200000 | വൃദ്ധജനങ്ങൾക്ക് കട്ടിൽ 15/22 | 200000 | 0 |
| | 351000 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 46/22 | 351000 | 0 |
| | 580000 | ലൈഫ് ഭവന പദ്ധതി 69/22 | 580000 | 0 |
| ജില്ലാ പഞ്ചായത്ത് | 340000 | നെൽകൃഷി വികസനം 06/22 | 340000 | 0 |
| | 670100 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 46/22 | 670100 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 22100777/ 11.02.2022-535000 22101042/ 31.03.2022-25016 | 560016 | 560016 | പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | GO(Rt) 3367/2021/FIN/ 30.07.2021, GO(Rt) 5206/2021 /FIN/30.07.2021, GO(Rt) 22/2022 /FIN/01.01.2022 | 0 | 1736177 | 352000 | 0 | 1384177 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 18213680 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 1369080 |
| ആകെ | 19582760 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19582760 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്, വെങ്ങാട് | 12599329 | 01802570-01802579 |
| അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊളത്തൂർ ബ്രാഞ്ച് | 6983431 | 00012467-00012471 |
| ആകെ | 19582760 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം. തിയ്യതി |
|---|---|---|---|---|
| 2006-07 | 3-1 | 3251 | പഞ്ചായത്ത് ജീവനക്കാർ | 121030105271 28.02.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2005-06 | 6 | കാർഷിക ആവശ്യത്തിന് ട്രാക്ടർ-പദ്ധതിനിർവ്വഹണത്തിലെ അപാകത | നടപടി തുടരുന്നു. |
| | - | | 14 | ഓഫ്സെറ്റ് പ്രസ്സ് 7.5 ലക്ഷം നഷ്ടം | |
| 2014-15 | 2(1) | 2016-17 | | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2(1) | 2017-18 | | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് നോട്ടീസ് നമ്പർ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2008-09 | 3-11 | എ സതീഷ് കമാർ വി ഇ ഒ | LF17121/ SPL.CELL/ SC/D1/12 19-11-14 | 3671000 | | | | | | | 3671000 | |
| 2 | 2009-10, 10-11 | 3-10 (2) | കെപി രാമചന്ദ്രൻ വി ഇ ഒ | LF/12205 /SPL.CELL /CSC/D1 /14 25-9-15 | 20000 | | | | | | | 20000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105591043 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94022114 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34855 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 201000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16201 | Rs.8101 ശ്രീമതി. ഷെറീൻ ബീഗം. അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs.8100 ശ്രീ. അനിൽ ദാസ് .കെ.ടി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 18654 | Rs.9327 ശ്രീമതി. സമിത. അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs.9327 ശ്രീമതി.നീന.എൽ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| ആകെ | 34855 | |
|---|---|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|---|
| 1-22 | 201000 | ഫാത്തിമത്ത് സുഹ്റ, വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷെറീൻ ബീഗം. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്. | ജാലകം ഹൗസ്, പൂപ്പലം, വലമ്പൂർ.679325 |
| ശ്രീമതി. സമിത. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മൂർക്കനാട് ഗ്രാമ പഞ്ചായത്ത്. | സുർജിത് വിഹാർ, വാലിക്കുന്ന്, വളാഞ്ചേരി |
| ശ്രീമതി.നീന.എൽ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | 13A, നിള ഹൗസ്, അമ്പാടി നഗർ വലമ്പൂർ പി.ഒ മലപ്പുറം 679325 |
| ശ്രീ. അനിൽ ദാസ് .കെ.ടി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | പാളയം കുന്ന് ഹൗസ്, 28-ാം മൈൽ, നറുകര പി.ഒ., മഞ്ചേരി. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (ചെലവ്) | എൽ.എഫ്.എം13/3294/14/16-12-14 | 1 |
| 1997-98 മുതൽ 2001-02 വരെ (പ്ലാൻ) | എൽ.എഫ്.എം13/3274/14/16-12-14 | 77 |
| 2003-04 | കെ.എസ്.എ.എം.പി.എം27/2842/19/11-11-2021 | 5 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ/എം.പി.എം27/2113/22/തീയതി 01-10-2022 | 12 |
| 2006-07 | കെ.എസ്.എ/എം.പി.എം27/2113/22(1)/തീയതി 01-10-2022 | 1 |
| 2007-08 | കെ.എസ്.എ/എം.പി.എം27/2113/22(2)/തീയതി 01-10-2022 | 4 |
| 2008-09 | കെ.എസ്.എ/എം.പി.എം27/2113/22(3)/തീയതി 01-10-2022 | 3 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.27/2113/22(4)/01-10-2022 | 4 |
| 2011-12, 2012-13 | എൽ.എഫ്.എം13/1557/14/18-5-2015 | 24 |
| 2013-14,2014-15 | കെ.എസ്.എ/എം.പി.എം27/1781/21/തീയതി 15-06-2022 | 14 |
| 2015-16 | കെ.എസ്.എ.എം.പി.എം.27/2500/16/06.03.2018 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.27/1880/17/9.7.2018 | 27 |
| 2017-18 | കെഎസ് എ എം പി എം27/1942/2018/04-06-2019 | 13 |
| 2018-19 | കെ.എസ്.എ/എം.പി.എം27/2807/2019/18-11-2020 | 25 |
| 2019-20 | കെ.എസ്.എ/എം.പി.എം27/1759/21/11-08-2022 | 5 |
| 2020-21 | കെ.എസ്.എ/എം.പി.എം27/1760/21/തീയതി 06-08-2022 | 10 |

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.1/2023

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്